പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2818.

20.06.2013 ൽ മറുപടിക്ക്

## റേഷൻ ഉല്പന്നങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയാൻ നടപടി

**ചോദ്യം**

ശ്രീ. ഇ.കെ. വിജയൻ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) റേഷൻ ഉല്പന്നങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ചുരുക്കം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ ഇത്തരം കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

(ബി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയുന്നതിനായി പൊതു വിതരണ ശൃംഖലകളിലും പൊതു കമ്പോളത്തിലും ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. റേഷൻസാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. സർക്കാർ സബ്സിഡി നല്കി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിമാരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല പരിശോധനാ സ്ക്വാഡുകളും, സംസ്ഥാന തലത്തിൽ രണ്ട് ഫ്ളൈയിംഗ് സ്ക്വാഡുകളും, ജില്ലാ തലത്തിൽ ഓരോ ജില്ലയിലും ഓരോ

ഫ്ളൈയിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ, താലൂക്ക്, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പിടിച്ചെടുത്ത റേഷൻ സാധനങ്ങൾ പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തി വിറ്റുവരവ് സംഖ്യ റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും കേസുകൾ തീർപ്പാകുന്ന സമയം ജില്ലാ കളക്ടറുടെ അന്തിമ തീരുമാനത്തിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ